# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 851

11/06/2014 - ൽ മറുപടിക്ക്

## കനോലി കനാൽ സംരക്ഷണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: | | ശ്രീ. പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) താനൂർ മണ്ഡലത്തിലെ കനോലി കനാൽ സംരക്ഷണവുമായി ബന്ധപ്പെട്ട പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ; | (എ) | താനൂർ മണ്ഡലത്തിലെ കനോലി കനാൽ സംരക്ഷണവുമായി ബന്ധപ്പെട്ട് രണ്ട് പ്രവൃത്തികൾ നടന്നുവരുന്നു. ഇതിൽ 960 മീറ്റർ കനാൽ പുനരുദ്ധരിക്കുന്ന ഒരു പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. 960 മീറ്റർ കനാൽ സംരക്ഷിക്കുന്ന മറ്റൊരു പ്രവൃത്തിയുടെ ഉടമ്പടി വച്ചു കഴിഞ്ഞു. പണി ഉടൻ ആരംഭിക്കുന്നതാണ്. |
| ബി) പ്രസ്തുത മണ്ഡലത്തിൽ എത്ര കിലോമീറ്റർ ദൂരത്തിലാണ് കനാൽ കടന്നു പോകുന്നത്; | (ബി) | താനൂർ മണ്ഡലത്തിലെ കനോലി കനാലിന്റെ നീളം 11 കി.മീ ആണ്. |
| (സി) ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തിമൂലം ഇതിൽ എത്ര കിലോമീറ്റർ കനാൽ സംരക്ഷിക്കാനാകുമെന്ന് വിശദമാക്കുമോ; | (സി) | ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ മൂലം 1.92 കി.മീ നീളം കനാലിന്റെ സംരക്ഷണമാണ് ലക്ഷ്യമിടുന്നത്. |
| (ഡി) ശേഷിക്കുന്ന ഭാഗത്തെ പ്രവൃത്തി ത്വരിതഗതിയിൽ പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ ; | (ഡി) | ശേഷിക്കുന്ന ഭാഗത്തിൽ ബഡ്ജറ്റിൽ ഫണ്ട് വകയിരുത്തിയിട്ടുള്ളതിനാൽ 2.489 കി.മീ നീളത്തിലുള്ള പ്രവൃത്തികൾക്ക് പുതുക്കിയ നിരക്കിൽ അനുമതി നൽകുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. ബാക്കിയുള്ള ഭാഗത്തെ പണികൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഏറ്റെടുക്കാവുന്നതാണ്. |
| (ഇ) മാലിന്യങ്ങൾ കുമിഞ്ഞുകൂടി കിടക്കുന്നതിനാൽ കനാലിലുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (ഇ) | മാലിന്യങ്ങൾ കുമിഞ്ഞു കൂടി എല്ലാ ജലപാതകളിലും ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകുന്നുണ്ട്. കനാലിലേക്ക് മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് തടയാൻ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കേണ്ടതാണ്. |

സെക്ഷൻ ഓഫീസർ